(സി) നിലവിലുള്ള നിയമവ്യവസ്ഥ മറികടക്കത്തക്കവിധത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ സ്ഥിരം ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് നിയമിക്കപ്പെടുന്നവർക്ക് ശമ്പളം ക്ലെയിം ചെയ്യാൻ പാടില്ലെന്ന് ഉത്തരവിറക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഇ) പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ സ്ഥിരം ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തിയവർക്ക് ശമ്പളം ക്ലെയിം ചെയ്തിട്ടുള്ളതായി കാണപ്പെടുന്നപക്ഷം സ്വന്തം ഉത്തരവാദിത്വത്തിൽ ശമ്പളത്തുക റീഫണ്ട് ചെയ്യുമെന്നുള്ള ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ഒരു സർട്ടിഫിക്കറ്റുകൂടി ശമ്പളബില്ലിനോടൊപ്പം ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്യുമോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേനയുള്ള താൽക്കാലിക നിയമനം നടത്താൻ പാടില്ല എന്ന കർശന നിർദ്ദേശം നിലവിലുണ്ട്. ഇത് ലംഘിക്കുന്നത് ഗുരുതരമായി കണക്കാക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ വീഴ്ചയായി കണക്കാക്കുമെന്നും സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

11 (4446) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന പ്രകാരം ജോലി ലഭിക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിലെ കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ എത്ര ഫയലുകളിലാണ് തീരുമാനമാകാതെ കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് നിശ്ചിത ശതമാനം ഒഴിവുകൾ കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ റിപ്പോർട്ട് ചെയ്യണമെന്നുള്ള ഉത്തരവ് എല്ലാ ഡിപ്പാർട്ടുമെന്റുകളും പാലിക്കാറുണ്ടോയെന്ന് അറിയിക്കാമോ ;

(സി) നിശ്ചിത ശതമാനം ഒഴിവുകൾ എല്ലാ വർഷവും റിപ്പോർട്ടു ചെയ്യണമെന്നുള്ള ഉത്തരവ് പാലിക്കാത്ത വകുപ്പുകളുണ്ടെങ്കിൽ പ്രസ്തുത വകുപ്പ് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 15-7-2003 വരെ '480' അപേക്ഷകളാണ് വിവിധ തസ്തികകളിലായി നിയമനത്തിനുവേണ്ടി സി.ഇ. സെല്ലിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) എല്ലാ വകുപ്പുകളും നിശ്ചിത ശതമാനം ഒഴിവുകൾ സി.ഇ. സെല്ലിൽ റിപ്പോർട്ട് ചെയ്യാറുണ്ട്.

മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

12 (4447) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരിൽ ആരൊക്കെയാണ് സംസ്ഥാന സർവ്വീസിൽ നിന്നുള്ളത് ;

(ബി) സർവ്വീസിൽ നിന്നും പിരിഞ്ഞവർ പ്രൈവറ്റ് സെക്രട്ടറിമാരായി തുടരുന്നുണ്ടോ ;

(സി) എങ്കിൽ എത്ര പേരാണ് ;

(ഡി) ഇവർ ആരെല്ലാമാണ് ;

(ഇ) സർവ്വീസിലിരിക്കെ വിജിലൻസ് കേസിൽ പ്രതിയായിട്ടുള്ള ആരെങ്കിലും ഏതെങ്കിലും മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിക്കപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആരാണ് ;

(ജി) ഏത് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ് എന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇദ്ദേഹത്തിന്റെ പേരിലുള്ള വിജിലൻസ് കേസ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഐ) നിലവിൽ കേസ് തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ജെ) വിജിലൻസ് കേസിൽ പ്രതിയായിട്ടുള്ള ആൾ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി തുടരുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

1. ശ്രീ. കെ. വി. ഭാസ്ക്കരൻ, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (മത്സ്യബന്ധനവും, ടൂറിസവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
2. ശ്രീ. പി. കെ. വിദ്യാസാഗർ, ജോയിന്റ് സെക്രട്ടറി, സെക്രട്ടേറിയറ്റ് (ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
3. ശ്രീ. എ. അബ്ബാസ്, സെക്ഷൻ ഓഫീസർ, സെക്രട്ടേറിയറ്റ് (വ്യവസായ, സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

LIBRARY ARCHIVES Kerala Legislative Assembly